പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 2219

15/07/2011-ൽ മറുപടി
നല്കേണ്ടത്

## പട്ടയം നല്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ. എസ്. ബിജിമോൾ : | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഇടുക്കി പദ്ധതി പ്രദേശത്തെ 10 ചെയിൻ മേഖലയിൽ ഉൾപ്പെട്ട കർഷകർക്ക് പട്ടയം നല്കുവാൻ നടപടി സ്വീകരിക്കുമോ; | (എ)+ (ബി) ഇടുക്കി പദ്ധതിയുടെ 10 ചെയിൻ ബെൽറ്റ് വരെയുള്ള സ്ഥലങ്ങളിൽ കൈവശരേഖ പോലും നല്കുവാൻ സാധിക്കുകയില്ലെന്ന് വൈദ്യുതി ബോർഡ് അറിയിച്ചിട്ടുണ്ട്. ഡെപ്യൂട്ടി ഡയറക്ടർ, ഡാം സുരക്ഷാ വിഭാഗം, വാഴത്തോപ്പിന്റെ 12/05/2010ലെ DB1-26/92-93/138 നമ്പർ കത്ത് പ്രകാരം ഇടുക്കി റിസർവോയറിന്റെ 10 ചെയിൻ ബെൽറ്റ് വരെയുള്ള സ്ഥലങ്ങളിൽ കൈവശരേഖ നല്കുവാൻ അനുമതി നല്കാനാവില്ല എന്ന് ചീഫ് എഞ്ചിനീയർ, സിവിൽ ഡാം സേഫ്റ്റി, തിരുവനന്തപുരം നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ മേഖലയിൽ വൈദ്യുതി ബോർഡിന്റെ അനുമതി ലഭിക്കാതെ പട്ടയനടപടി സ്വീകരിക്കാൻ സാധിക്കുകയില്ല. |
| (ബി) പ്രസ്തുത പ്രദേശത്ത് പട്ടയം നല്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ